**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - മിനിമം വേതന ഉപദേശക സമിതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ബഹു. ഹൈക്കോടതിയിൽ നിയമിച്ചിട്ടുള്ള സ്റ്റാൻഡിംഗ് കൗൺസിലിന് നൽകേണ്ട വേതന നിരക്കുകൾ **2230-01-101-99-00-28-00 N-V-Payment for Professional and Special Services** എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.**295/2026/LBR** തീയതി,തിരുവനന്തപുരം, **26-02-2026**

---

പരാമർശം:-

1. **19.12.2022**-ലെ സ.ഉ.(സാധാ) നം.**1493/2022/LBR.**
2. **08.01.2025**-ലെ സ.ഉ.(സാധാ) നം.**41/2025/LBR.**
3. മിനിമം വേതന ഉപദേശക സമിതി സെക്രട്ടറിയുടെ **10.01.2025, 23.01.2025** എന്നീ തീയതികളിലെ **144/2020/MWAB** നമ്പർ കത്തുകൾ.

**ഉത്തരവ്**

മിനിമം വേതന ഉപദേശക സമിതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് അഡ്വ. അനന്തകൃഷ്ണൻ റ്റി. കെ.-യെ ബഹു. ഹൈക്കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. മേൽ പ്രകാരം നിയമിക്കപ്പെട്ട സ്റ്റാൻഡിംഗ് കൗൺസലിന് മിനിമം വേതന ഉപദേശക സമിതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ഫയലിനും നൽകേണ്ട വേതന നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) എന്നാൽ, പരാമർശം (2)-ലെ ഉത്തരവിൽ ശ്രീ. അനന്തകൃഷ്ണൻ റ്റി.കെ., സ്റ്റാന്റിംഗ് കൗൺസലിന് സിറ്റിംഗ് ഫീസ് നൽകുന്നതിനായി തുക അനുവദിക്കുന്ന ശീർഷകം ഏതാണെന്നുള്ള വിവരം പരാമർശിച്ചിട്ടില്ലായെന്നും, ആയത് വ്യകതമാക്കണമെന്നും പരാമർശം (3)-ലെ **10.01.2025**-ലെ കത്ത് പ്രകാരം മിനിമം വേതന ഉപദേശക സമിതി സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മിനിമം വേതന ഉപദേശക സമിതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് ബഹു.ഹൈക്കോടതിയിൽ നിയമിച്ചിട്ടുള്ള സ്റ്റാന്റിംഗ് കൗൺസിലിന് ഓരോ ഫയലിനും നൽകുവാൻ പരാമർശം (2) പ്രകാരം നിശ്ചയിച്ച നിരക്കുകൾ, നിലവിൽ മിനിമം വേതന ഉപദേശക സമിതിയുടെ കാര്യാലയത്തിലെ ചെയർമാന് ഓണറേറിയം നൽകുന്നതിനായി

വിനിയോഗിക്കുന്ന 2230-01-101-99-00-28-00 N-V-Payment for Professional and Special Services എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ജി നായർ
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ, മിനിമം വേതന ഉപദേശക സമിതി, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Divya Sasidharan
Date: 26-02-2026 17:31:19
സെക്ഷൻ ഓഫീസർ